(സി) സാധനസാമഗ്രികളുടെ, പ്രധാനമായും പോസ്റ്റിന്റെയും കമ്പിയുടെയും ലഭ്യതക്കുറവാണ് പ്രധാന കാരണം.

(ഡി) മുമ്പ് വൈദ്യുതി കണക്ഷൻ കൊടുക്കുവാനുള്ള സാധനസാമഗ്രികൾ കേന്ദ്രീകൃത പർച്ചേസിലൂടെയായിരുന്നു വാങ്ങിയിരുന്നത്. അങ്ങനെ വാങ്ങുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുവാൻ കാലതാമസം നേരിടുന്നതുകൊണ്ട് മീറ്റർ, ട്രാൻസ്ഫോമർ, കണ്ടക്ടർ, കേബിൾ എന്നിവ ഒഴികെയുള്ള സാമഗ്രികൾ വാങ്ങുവാൻ അതാത് റീജിയണൽ ചീഫ് എഞ്ചിനീയർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ആവശ്യാനുസരണം സാധനങ്ങൾ വാങ്ങി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

വൈദ്യുതി വിതരണത്തിന് ആവശ്യമായ സാധനസാമഗ്രികൾ

8 [2758] *ശ്രീ. കെ. പി. മോഹനൻ:*
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
ഡോ. കെ. സി. ജോസഫ്:
ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണം സുഗമമായി നിലനിർത്തുന്നതിനാവശ്യമായ എന്തെല്ലാം സാധനസാമഗ്രികളാണ് വൈദ്യുതി ബോർഡിനുവേണ്ടി കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) അന്യസംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി വിതരണത്തിന്റെ ആവശ്യത്തിനായി എന്തെല്ലാം സാധനങ്ങളാണ് വാങ്ങുന്നതെന്ന് വെളിപ്പെടുത്താമോ; അവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) ഏതെല്ലാം സംസ്ഥാനങ്ങളിൽനിന്നാണ് ഇത് വാങ്ങുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോൺക്രീറ്റ് പോസ്റ്റുകൾ, അലൂമിനിയം കമ്പി, സിംഗിൾ ഫേസ് മീറ്റർ, ട്രാൻസ്ഫോർമർ വെതർ, പ്രൂഫ്വയർ, ഡി. ഒ. ഫ്യൂസ്, എൽ. ടി. ക്രോസ് ആം, വി. ക്രോസ് ആം, എ പോസ്റ്റ്, സ്റ്റേ റോഡ്, എർത്ത് പൈപ്പ് തുടങ്ങിയ സാധന സാമഗ്രികളാണ് വൈദ്യുതി ബോർഡിനുവേണ്ടി കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത്.

(ബി) സിംഗിൾ ഫേസ് മീറ്റർ, ത്രീ ഫേസ് മീറ്റർ, അണ്ടർഗ്രൗണ്ട് കേബിൾ, ഏബി സ്വിച്ച്, സ്റ്റേ വയർ, ജി.ഐ. വയർ, 11 കെ.വി. ഇൻസുലേറ്റർ, എൽ.ടി. ഇൻസുലേറ്റർ, എൽ.ടി. ഷാക്കിൾ, വെതർപ്രൂഫ് വയർ തുടങ്ങിയവ സംസ്ഥാനത്തിന് വെളിയിൽനിന്നും വാങ്ങുന്നുണ്ട്.

(സി) കർണ്ണാടക, ഡൽഹി, ഹരിയാന, ഗുജറാത്ത്, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽനിന്നാണ് വാങ്ങുന്നത്.

LIBRARY ARCHIVES Kerala Legislative Assembly